# മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവം

# സാഹിത്യ ക്വിസ് മൂന്നാം മത്സരം നാളെ






▶ തൃക്കാക്കര ഭാരതമാതാ കോളേജിൽ നടന്ന സാഹിത്യ ക്വിസ് മത്സരത്തിൽ പങ്കെടുത്ത വിദ്യാർഥികൾ മുഖ്യാതിഥി കോളേജ് ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളിയോടൊപ്പം

**കൊച്ചി** ▸ 'മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവ'ത്തിന്റെ സന്ദേശവുമായി കോളേജ് കാമ്പസുകളിൽ നടത്തുന്ന സാഹിത്യ ക്വിസ് മത്സരം രണ്ടാംദിനം തൃക്കാക്കര ഭാരതമാതാ കോളേജിൽ അരങ്ങേറി. ചൊവ്വാഴ്ച നടന്ന മത്സരത്തിൽ അതുൽ ജോസഫ് (ബി.എ. ഇക്കണോമിക്സ്), റിജോ രാജു (ബി.എസ്‌സി. ഫിസിക്സ്) എന്നിവരടങ്ങിയ ടീം ഒന്നാം സ്ഥാനം നേടി. ബി.എസ്‌സി. കെമിസ്ട്രി വിദ്യാർഥിനികളായ സുവർണ വർഗീസും ഫാത്തിമത്ത് സഹ്ദയും അടങ്ങിയ ടീമിനാണ് രണ്ടാം സ്ഥാനം.

കോളേജ് ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി മത്സരം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഷൈനി പാലാട്ടി പ്രസംഗിച്ചു.

ജനുവരി 30 മുതൽ ഫെബ്രുവരി രണ്ടുവരെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലാണ് 'മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവം' നടക്കുന്നത്. കൊച്ചിൻ ഷിപ്പ്‌യാർഡ്, ഭാരത് പെട്രോളിയം, ഹിമാലയ ഫേസ് വാഷ്, ഗ്ലോബൽ എജ്യുക്കേഷനൽ കൺസൾട്ടന്റ്സ്, ന്യൂ ഇന്ത്യ അഷ്വറൻസ് എന്നിവയുടെ സഹകരണത്തോടെയാണ് കോളേജുകളിൽ ക്വിസ് മത്സരം നടത്തുന്നത്.

വ്യാഴാഴ്ച രാവിലെ 10.30-ന് എറണാകുളം സെയ്ന്റ് തെരേസാസ് കോളേജിലാണ് മത്സരം.